**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **12-02-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66 വികസനം സംബന്ധിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഇടിമുഴിക്കൽ മുതൽ പൊന്നാനി വരെയുള്ള പാത വികസനവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സംബന്ധിച്ച് 2023 ജനുവരി 31 മുതൽ 2025 ജനുവരി 15 വരെ മലപ്പുറം ജില്ലാ കളക്ടർക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും അവയിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | **ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ഇടിമുഴക്കൽ മുതൽ പൊന്നാനി വരെയുള്ള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ വിവിധ സെക്ഷനുകളിലായി ഏകദേശം 291 പരാതികൾ ലഭ്യമായിട്ടുണ്ട്. ടി പരാതികളിൽ നടപടികൾ സ്വീകരിച്ച് കക്ഷികൾക്ക് മറുപടി നൽകുന്നതിനായി ദേശീയപാത 66 പ്രോജക്ട് ഡയറക്ടർക്ക് പരാതികൾ അയച്ചു നൽകിയിട്ടുണ്ട്. പരാതി പരിഹാരത്തിനായി ദേശീയപാത 66 പ്രോജക്ട് ഡയറക്ടർ, പൊതുമരാമത്ത് വകുപ്പ് (ദേശീയപാത വിഭാഗം) എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം, എക്സി.എഞ്ചിനീയർ എന്നിവർ അംഗങ്ങളായി 24/05/2024 ന് ജില്ലാ കളക്ടർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ടി പരാതികളിൽ വിദഗ്ധ സമിതി പരിശോധിക്കേണ്ട പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും, വിദഗ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ദേശീയപാത 66 പ്രോജക്ട് ഡയറക്ടർക്ക് നടപടി സ്വീകരിക്കുന്നതിലേക്കും കക്ഷികൾക്ക് മറുപടി നൽകുന്നതിലേക്കുമായി ജില്ലാ കളക്ടറേറ്റിൽ നിന്നും അയച്ചു നൽകിയിട്ടുള്ളതുമാണ്.** |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെ പ്രദേശങ്ങളിൽ കോഹിനൂർ, പാണമ്പ്ര, ഇടിമുഴിക്കൽ, കാക്കഞ്ചേരി വളവ്, കാക്കഞ്ചേരി പള്ളിയാളി-ചേലൂപാടം റോഡ് ആക്സസ് നഷ്ടപ്പെട്ടത് സംബന്ധിച്ചും പാണമ്പ്ര പള്ളിയിലേക്ക് മഴവെള്ളവും ചെളിയും ഒലിച്ചിറങ്ങുന്നത് സംബന്ധിച്ചും വെളിമുക്ക് ഫൂട്ട് ഓവർ ബ്രിഡ്ജ് സംബന്ധിച്ചും എത്ര പരാതികൾ ലഭിച്ചുവെന്നും പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പരിഹരിച്ച പരാതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെയുള്ള വിവിധ പ്രദേശങ്ങളിൽ കൊഹിനൂർ, പാണമ്പ്ര, ഇടിമുഴിക്കൽ, കാക്കഞ്ചേരി വളവ്, കാക്കഞ്ചേരി പള്ളിയാളി - ചേലൂപ്പാടം റോഡ് ആക്സസ് നഷ്ടപ്പെട്ടത് സംബന്ധിച്ചും, വെളിമുക്ക് ഫൂട്ട് ഓവർ ബ്രിഡ്ജ് സംബന്ധിച്ചും ഏകദേശം 20 പരാതികൾ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതും ആയതിൽ തുടർ നടപടികൾ സ്വീകരിച്ച് കക്ഷികൾക്ക് മറുപടി നൽകുന്നതിലേക്കായി ദേശീയപാത 66 പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

കൂടാതെ ജില്ലാ കളക്ടർ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതി മുഖേന നടപടി സ്വീകരിക്കേണ്ട പരാതികളിൽ അത്തരത്തിലും നപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ സ്ഥലത്തിലെ ഡ്രൈനേജ് പൂർണ്ണമായും നികത്തപ്പെട്ടതിനാൽ മഴവെള്ളം തൊട്ടടുത്ത ചെരിവ് ഭാഗത്തിലൂടെ ഗ്രാമീണ പ്രദേശത്തിലേക്ക് കുത്തിയൊഴുകിയതിനാൽ വീട്ടുകൾക്ക് നാശനഷ്ടമുണ്ടായതായും, ചേലമ്പ്ര, ഇടിമുഴിക്കൽ, കാക്കഞ്ചേരി, ചെട്ട്യാർമാട്, പൈങ്ങോട്ടൂർമാട്, കോഹിനൂർ, പാണമ്പ്ര താഴെ ചേളാരി, പടിക്കൽ, പാലക്കൽ, വെളിമുക്ക്, തലപ്പാറ എന്നീ പ്രദേശങ്ങളിലെ വീട്ടുകളിലേക്ക് വെള്ളം കയറിയതായും ചിലയിടങ്ങളിൽ ഡ്രൈനേജ് കണക്ടിവിറ്റി കൾവർട്ട് ജനവാസ മേഖലയിലേക്ക് തുറന്ന് വിട്ടതിനാൽ കൃത്രിമ വെള്ളപ്പൊക്കം ഉണ്ടായതായും, അശാസ്ത്രീയമായ മണ്ണെടുപ്പ് ശ്രദ്ധയിൽപ്പെട്ടതായും കാക്കഞ്ചേരി ചന്തയിലേക്കും, ചേലൂപാടത്തേക്കുമുള്ള പഞ്ചായത്ത് റോഡ് പൂർണ്ണമായും ആക്സസ് ഇല്ലാതാക്കിയ നിലയിലാണെന്നും ബഹു.വള്ളിക്കുന്ന് എം.എൽ.എ നിവേദനം നൽകിയിരുന്നു. ബഹു. വള്ളിക്കുന്ന് എം.എൽ.എ സമർപ്പിച്ച നിവേദനത്തിൽ പരാമർശിച്ച ജനവാസ മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ദേശീയപാത 66 പ്രോജക്ട് ഡയറക്ടർ, പൊതുമരാമത്ത് വകുപ്പ് (ദേശീയപാത വിഭാഗം) എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം എക്സി.എഞ്ചിനീയർ എന്നിവർ അംഗങ്ങളായി 24/05/2024 ന് ജില്ലാ കളക്ടർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതിയോട് നിവേദനത്തിൽ പരാമർശിച്ച വിഷയവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ അടിയന്തര സ്ഥലപരിശോധന നടത്തുന്നതിനും, ദേശീയപാത 66 നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നബാധിത പ്രദേശങ്ങൾ തുടർന്നും പരിശോധിക്കേണ്ടതും, ആവശ്യമായ നടപടികൾ അതാത് സമയങ്ങളിൽ സ്വീകരിച്ച് ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ വിദഗദ്ധ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിദഗ്ധ സമിതി സമർപ്പിച്ച സംയുക്ത പരിശോധന റിപ്പോർട്ട് നടപടികൾക്കായി ദേശീയപാത 66 പ്രോജക്ട് ഡയറക്ടർക്ക് 05/06/2024 തീയതിയിൽ അയച്ചിട്ടുള്ളതാണ്. പ്രശ്നപരിഹാരത്തിനായി വിദഗ്ധ സമിതി പരിഹരിക്കേണ്ടതായ പരാതികൾ തുടന്നും വിദഗ്ധ സമിതിയ്ക്ക് അയച്ച നൽകുന്നുണ്ട്.**

| | | | |
|---|---|---|---|
| | | | **പാണമ്പ്ര പള്ളിയിലേക്ക് മഴവെള്ളവും ചെളിയും ഒലിച്ചിറങ്ങുന്നത് സംബന്ധിച്ച് 20/01/2025 തീയതിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പള്ളിക്കമ്മിറ്റി അംഗങ്ങളുടേയും ദേശീയപാത അതോറിറ്റി പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുള്ളതും ടി വിഷയത്തിൽ പള്ളി കമ്മിറ്റി 2 മീറ്റർ ഭൂമി വിട്ടുനൽകുന്നതിനനുസരിച്ച് കൾവർട്ട് മുതൽ തെക്ക് ഭാഗത്തേക്ക് 2 മീറ്റർ വീതിയിൽ ഡ്രൈനേജ് നിർമ്മിച്ച് തോട്ടിലേക്ക് ബന്ധിപ്പിക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കൾവർട്ട് മുതൽ വടക്ക് ഭാഗത്തേക്കുള്ള പ്രശ്നം പരിഹരിക്കുന്നതിനായി സാങ്കേതിക വശം കൂടി പരിശോധിക്കേണ്ടതിനാൽ ദേശീയപാത അതോറിറ്റി പ്രോജക്ട് ഡയറക്ടർ, മൈനർ ഇറിഗേഷൻ എക്സി.എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം എക്സി.എഞ്ചിനീയർ എന്നിവരെ ഉൾക്കൊള്ളിച്ച ഒരു വിദഗ്ധ സമിതി ടി വിഷയം പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനും യോഗം തീരുമാനിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത വിഷയം ജില്ലാ വികസന സമിതിയിൽ ഉന്നയിച്ചതു കൊണ്ട് പരിഹാരം ലഭിച്ച പരാതികൾ ഏതെല്ലാമെന്നും ഇനിയും പരിഹരിക്കാനുള്ളവ ഏതൊക്കെയെന്നും അറിയിക്കാമോ? | (സി) | **മേൽ വിഷയങ്ങൾ ജില്ലാ വികസന സമിതി യോഗങ്ങളിൽ ചർച്ച ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ദേശീയപാത അതോറിറ്റി (കൊച്ചി) പ്രോജക്ട് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ